

# അരുന്ധതീറോയ് വാർത്തകളിൽനിന്നും മറയുന്നു

**ബുക്കർ പ്രൈസ് ജേതാവായ അരുന്ധതീറോയ്, അതിൽനിന്നും ലഭിച്ച 15 ലക്ഷത്തോളം വരുന്ന തുക നർമ്മദ സമരത്തിന് സമർപ്പിച്ചിരിക്കുന്നു.**

പത്രങ്ങളുടെ അകംതാളിലെ ഒരു കൊച്ചുവാർത്ത. എത്രപേർ അത് ശ്രദ്ധിച്ചുകാണും? അരുന്ധതീ റോയിയുമായി ബന്ധപ്പെട്ടിട്ടുള്ള വാർത്തകൾക്ക് നൽകാറുള്ള തിളക്കമൊന്നും ഈ വാർത്തകൾക്കില്ലാതെയായതിന് വ്യക്തമായ കാരണങ്ങളുണ്ട്. ബുക്കർ പ്രൈസ് നേടിയ ആദ്യത്തെ ഇന്ത്യക്കാരിയായതുകൊണ്ടു മാത്രമല്ല; അരുന്ധതിറോയിക്ക് വൻ പ്രാധാന്യം കൊടുത്തത്. ചെറുപ്പക്കാരിയും സുന്ദരിയുമായ അവർക്ക് യക്ഷിക്കഥകളുടെ ഇമേജാണ് മാധ്യമങ്ങൾ കൊടുത്തത്. വില്പനസാധ്യതയുള്ള ഒരു മുഖമാണിതെന്നവർ മനസിലാക്കി. ലോകത്തിലെ ശ്രദ്ധേയമായ പത്തു മുഖങ്ങളിലൊന്നായി കഴിഞ്ഞവർഷം അവർ തെരഞ്ഞെടുക്കപ്പെട്ടപ്പോൾ, ആ വാർത്തയ്ക്ക് നൽകിയിരുന്ന അമിതപ്രാധാന്യം ഓർക്കുക. ചൂടാറാത്ത വിശേഷമായി പത്രങ്ങളിൽനിന്നും മാസികകളിലേക്ക് സഞ്ചരിച്ച ഒരു കഥയായിരുന്നുവത്.

ഗോഡ് ഓഫ് സ്മോൾ തിങ്ങ്സ് സൃഷ്ടിച്ച വിവാദങ്ങൾ ചെറുതായിരുന്നില്ല. അരുന്ധതിറോയി സമ്പാദിച്ച പണത്തിന്റെ കണക്കുകൾ, നോവലിലെ കമ്യൂണിസ്റ്റ് വിരുദ്ധതയോടുള്ള പാശ്ചാത്യരുടെ ആഭിമുഖ്യം, സദാചാരത്തിനെതിരേയുള്ള വെല്ലുവിളി, കോൺവെന്റിംഗ്ലീഷ്... അങ്ങനെയങ്ങനെ. യഥാർത്ഥത്തിൽ കേവലം അസൂയയും സ്ത്രീകളെ ഇടിച്ചുതാഴ്ത്തുന്നതിൽ അനുഭവിച്ച സുഖവുമല്ലാതെ വേറെയൊന്നും ഈ ആരോപണങ്ങൾക്കു പുറകിലുണ്ടായിരുന്നില്ല. എന്നാൽ, ഇതെല്ലാം ചെലവാകുന്നതരത്തിലുള്ള വാർത്തകളും അഭിമുഖങ്ങളും രാഷ്ട്രീയനിലപാട് വ്യക്തമാക്കലുകളുമായിരുന്നതിനാൽ അവർ മാധ്യമങ്ങളുടെ പ്രിയങ്കരിയായി തുടർന്നു.

പക്ഷേ, ഇപ്പോഴത്തെ സ്ഥിതി വ്യത്യസ്തമാണ്. അണുബോംബിനെതിരേ അരുന്ധതിറോയ് രംഗത്തുവന്നപ്പോൾ മുതൽ മാധ്യമങ്ങൾക്ക് തുടങ്ങിയ സംശയമാണ്. ഇപ്പോഴിതും. ദശലക്ഷക്കണക്കിന് മനുഷ്യരെ കുടിയൊഴിപ്പിക്കുന്ന, വിലകുറഞ്ഞ വാർത്തകൾക്കുനടുവിൽ അരുന്ധതി റോയിയെത്തുന്നത് സുഖകരമല്ല.

അണുബോംബിനെതിരേ പ്രതികരിക്കുന്നതും ദരിദ്രമനുഷ്യജീവികളെ കുടിയൊഴിപ്പിക്കുന്നതിനെതിരേ സമരം ചെയ്യുന്നതുമെല്ലാം ആർക്കും താത്പര്യമില്ലാത്ത വാർത്തകളാണ്. പ്രാധാന്യമർഹിക്കുന്ന വാർത്തകൾ എന്തെല്ലാമാണെന്ന് പത്രങ്ങൾക്ക് നന്നായി അറിയാവുന്നതാണല്ലോ. അത്തരം വാർത്തകൾ സൃഷ്ടിക്കുന്ന എഴുത്തുകാരിയായി നിലനിൽക്കാൻ പദ്ധതിയില്ലെന്ന് അരുന്ധതീറോയി വ്യക്തമാക്കിക്കഴിഞ്ഞു. ഇനി, മാധ്യമങ്ങൾക്ക് അവരെ ഉപേക്ഷിക്കാം.

**– ശോഭന**